**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .62 | 28-11-2018 -ൽ മറുപടിക്ക്

**പ്രളയാനന്തര പുനർ നിർമ്മാണത്തിനായി കേന്ദ്ര സഹായം**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.കെ.വി.വിജയദാസ്** | | **പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |
| എ) | പ്രളയാനന്തര പുനർ നിർമ്മാണത്തിനായി കേന്ദ്ര സർക്കാരിൽ നിന്നും എന്തെല്ലാം സഹായങ്ങളാണ് ലഭിച്ചിട്ടുള്ളത്; വിശദവിവരം നൽകുമോ; | എ) | പ്രളയവുമായി ബന്ധപ്പെട്ട് കേരളത്തിന് 89,540 മെട്രിക് ടൺ അരിയും 12000 കിലോ ലിറ്റർ മണ്ണെണ്ണയും അധികമായി അനുവദിച്ചിരുന്നു. കേന്ദ്ര ദുരന്ത പ്രതികരണ നിധിയിൽ നിന്നും അടിയന്തിര സഹായമായി 600 കോടി രൂപ ലഭ്യമായിട്ടുണ്ട്. ദുരന്തത്തിൽ മരണപ്പെട്ടവരുടെ കുടുംബത്തിന് 2 ലക്ഷം രൂപയും ഗുരുതരമായി പരിക്കേറ്റവർക്ക് 50,000/- രൂപയും പ്രഖ്യാപിച്ചിട്ടുണ്ട്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ കീഴിൽ ഗ്രാമവികസന മന്ത്രാലയം അധികമായി 50 തൊഴിൽ ദിനങ്ങൾ 2018-2019 സാമ്പത്തിക വർഷത്തിൽ അനുവദിച്ചിട്ടുണ്ട്. സംസ്ഥാന ഹോർട്ടി കൾച്ചർ മിഷൻ ഡയറക്ടർ കേന്ദ്ര സർക്കാരിന് സമർപ്പിച്ച മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ പദ്ധതിയിൻ കീഴിൽ ഹോർട്ടി കൾച്ചർ മേഖലയുടെ പുനരുദ്ധാരണത്തിനും കർഷകർക്ക് അധിക വരുമാനം ലഭിക്കുന്നതിനുമായി സമർപ്പിച്ച 9339.50 ലക്ഷം രൂപയുടെ പദ്ധതിയ്ക്ക് കേന്ദ്രസർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. |
| ബി) | കേന്ദ്ര സർക്കാരിനോട് സംസ്ഥാനം ഉന്നയിച്ച ആവശ്യങ്ങൾ എന്താണ്; വിശദവിവരം നൽകുമോ; | ബി) | സംസ്ഥാനത്തിന് വായ്പ വാങ്ങാനുള്ള പരിധി മൂന്നുശതമാനത്തിൽനിന്ന് നാലര ശതമാനമായി ഉയർത്തണമെന്നും നബാർഡിൽ നിന്ന് 2500 കോടി രൂപയുടെ വായ്പ അനുവദിക്കണമെന്നും, |

| | | | |
|---|---|---|---|
| | | | ലോക ബാങ്ക്, എ.ഡി.ബി തുടങ്ങിയ സ്ഥാപനങ്ങളിൽനിന്ന് വായ്പ ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. വിവിധ വകുപ്പുകൾ മുഖേനയുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ധനസഹായം 10 ശതമാനം വർധിപ്പിക്കണമെന്ന ആവശ്യവും മുന്നോട്ടുവെച്ചിരുന്നു. കേരളത്തെ സഹായിക്കാൻ സെസ് ഏർപ്പെടുത്തണമെന്ന് കേന്ദ്രം ജി.എസ്.ടി കൗൺസിൽ യോഗത്തിൽ ആവശ്യപ്പെട്ടു. ദേശീയ ദുരന്ത പ്രതികരണ നിധി മാനദണ്ഡമനുസരിച്ച് കേരളം ആവശ്യപ്പെട്ടത് 5616 കോടി രൂപയുടെ പുനരധിവാസ ധനസഹായമാണ്. ആദ്യഘട്ടത്തിലുണ്ടായ പ്രളയത്തിന് 820 കോടിയും രണ്ടാംഘട്ടത്തിലെ മഹാപ്രളയത്തിന് 4796 കോടി രൂപയും ഉൾപ്പെടെയാണിത്. ഇതുകൂടാതെ, പ്രത്യേക ധനസഹായമായി 5000 കോടി രൂപയുടെ പാക്കേജും ആവശ്യപ്പെട്ടിരുന്നു. സൗജന്യമായി അരിയും മണ്ണെണ്ണയും നൽകണം എന്ന് ആവശ്യപ്പെട്ടിരുന്നു. |
| സി) | ഇക്കാര്യത്തിൽ കേന്ദ്രം പരിഗണിച്ചവ എന്തെല്ലാം; ആകെ എത്ര രൂപയുടെ ധനസഹായം നാളിതുവരെ ഇക്കാര്യത്തിൽ ലഭിച്ചിട്ടുണ്ട്? | സി) | ദേശീയ ദുരന്ത പ്രതികരണ നിധിയിൽ നിന്നും 600 കോടി രൂപ ലഭിച്ചു. സംസ്ഥാനത്തിന് നൽകുന്ന ദുരന്ത പ്രതികരണ നിധിയിൽ നിന്നും 265.74 കോടി രൂപ ഈടാക്കും എന്ന വ്യവസ്ഥയോടെ അരിയും മണ്ണെണ്ണയും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ